**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3272** **01-03-2023 - ൽ മറുപടിയ്ക്ക്**

**സ്ഥാനക്കയറ്റം ലഭിച്ച പ്രധാനാദ്ധ്യാപകരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ മണ്ഡലത്തിലെ വിവിധ സർക്കാർ പ്രൈമറി സ്കൂളുകളിൽ സീനിയോറിറ്റി അനുസരിച്ച് പ്രധാനാദ്ധ്യാപകരായി സ്ഥാനക്കയറ്റം ലഭിച്ചവർക്ക് ശമ്പള സ്കെയിൽ അനുവദിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്ഥാനക്കയറ്റം ലഭിച്ചിട്ടും പ്രധാനാദ്ധ്യാപകരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാത്തത് എന്തു കൊണ്ടാണെന്ന് വിശദമാക്കുമോ; | (ബി) | പ്രൈമറി പ്രഥമ അദ്ധ്യാപക പ്രമോഷൻ നൽകുന്നതിനെതിരെ ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകി. ഇത്തരത്തിൽ സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിലുള്ള കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കേസ് തീർപ്പായാലുടൻതന്നെ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രധാന അദ്ധ്യാപകർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ; | (സി) | പ്രൈമറി പ്രഥമ അദ്ധ്യാപക പ്രമോഷൻ നൽകുന്നതിനെതിരെ ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകി. ഇത്തരത്തിൽ സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിലുള്ള കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | അന്തിമഘട്ടത്തിലാണ്. കേസ് തീർപ്പായാലുടൻതന്നെ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | എയ്ഡഡ് മേഖലയിൽ ഇത്തരത്തിൽ സ്ഥാനക്കയറ്റം ലഭിച്ചവർക്ക് ശമ്പള വർദ്ധനവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ ? | (ഡി) | ഉണ്ട്. താത്ക്കാലിക പ്രമോഷൻ ലഭിച്ച എയ്ഡഡ് മേഖലയിലെ പ്രഥമ അദ്ധ്യാപകർ പ്രമോഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ 2021 ഒക്ടോബറിനുശേഷം സ്ഥാനക്കയറ്റം ലഭിച്ചവർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ